**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4414** **13.11.2019-ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ എല്ലാ കുടുംബങ്ങളെയും ലൈഫ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി**

**ചോദ്യം**

**ശ്രീ.മഞ്ഞളാംകുഴി അലി**

**മറുപടി**

**എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ലൈഫ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയിൽ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | എ) | ലൈഫ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടികയിൽ 20948 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ടി പട്ടികയിൽ ഉൾപ്പെടാത്ത എന്നാൽ ഭവനനിർമ്മാണത്തിന് അർഹതയുള്ള പട്ടികജാതിക്കാരെ കൂടി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി 39,902 കുടുംബങ്ങളെക്കൂടി ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ലൈഫ് മിഷൻ മാനദണ്ഡപ്രകാരം കുടുംബശ്രീ നടത്തിയ സർവ്വെയിൽ അർഹരായ 5488 പട്ടികവർഗ്ഗക്കാരെ ലൈഫ് മിഷൻ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഇളവുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വെയുടെയും ഊരുകൂട്ടത്തിന്റെ കണക്കപ്രകാരവും ഭൂമിയുള്ള 9143 ഭവനരഹിതരെ കണ്ടെത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ മുഖേന 2019-20, 2020-21 വർഷങ്ങളിലായി വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു. |
| ബി) | പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്നതും പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ എല്ലാ അർഹരായവരെയും പദ്ധതിയിൽ | ബി) & സി) | പരിശോധിച്ചിട്ടുണ്ട്.<br><br>ലൈഫ് മിഷൻ മാനദണ്ഡപ്രകാരം അർഹരായ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കളെയും ലൈഫ് മിഷൻ ഡേറ്റാബേസിൽ |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് ബന്ധപ്പെട്ട് വകുപ്പുകൾ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടോ; | | ഉൾപ്പെടുത്തുന്നതിനായി ഫീൽഡ് തലത്തിൽ സർവ്വെ നടത്തുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| സി) | പദ്ധതിയിൽ ഉൾപ്പെടാതെപോയ പ്രസ്തുത മണ്ഡലത്തിലെ അർഹരായവരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഈ വകുപ്പുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | | |
| ഡി) | ഗുണഭോക്താക്കളുടെ അറിവില്ലായ്മ കൊണ്ട് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാതെ പോകുന്ന സ്ഥിതിവിശേഷം നിലവിലുള്ളതുകാരണം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം പദ്ധതികളുടെ ആനുകൂല്യം ബന്ധപ്പെട്ട വിഭാഗത്തിൽപ്പെട്ട എല്ലാ അർഹരായവർക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ഡി) | ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**